REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 20-05-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **തിരുവനന്തപുരം-കാസർകോട് സിൽവർലൈൻ പദ്ധതി റദ്ദാക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചതായി മുഖ്യമന്ത്രി VD സതീശൻ. പദ്ധതിയ്ക്കായി ഭൂമി എറ്റെടുക്കാൻ പുറപ്പെടുവിച്ച വിജ്ഞാപനം റദ്ദാക്കി.**
- **2026 ഓഗസ്റ്റ് 31ന് അവസാനിക്കുന്ന എല്ലാ PSC റാങ്ക് പട്ടികകളുടെയും കാലാവധി, നവംബർ 30 വരെ നീട്ടി.**
- **പതിനാറാം നിയമസഭയുടെ പ്രോട്ടം സ്പീക്കറായി G-സുധാകരൻ സത്യപ്രതിജ്ഞ ചെയ്തു.**
- **ജൂൺ ഒന്നിന് സ്കൂൾ തുറക്കുന്നതിന് വിപുലമായ തയ്യാറെടുപ്പുകൾ അവസാനഘട്ടത്തിലെന്ന് മന്ത്രി എൻ ഷംസുദ്ദീൻ.**
- **IPL ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് മുംബൈ ഇന്ത്യൻസിനെ നേരിടും.**

## വാർത്തകൾ വിശദമായി

തിരുവനന്തപുരം-കാസർകോട് സിൽവർലൈൻ പദ്ധതിയ്ക്കായി ഭൂമി എറ്റെടുക്കാൻ പുറപ്പെടുവിച്ച വിജ്ഞാപനം റദ്ദ് ചെയ്യാൻ, മന്ത്രിസഭായോഗം തീരുമാനിച്ചതായി മുഖ്യമന്ത്രി VD സതീശൻ മന്ത്രിസഭാ യോഗത്തിന് ശേഷം വാർത്താ സമ്മേളനത്തിൽ അറിയിച്ചു. പദ്ധതി റദ്ദാക്കിയതായും മുഖ്യമന്ത്രി പറഞ്ഞു. K റെയിലുമായി ബന്ധപ്പെട്ട കേസുകളുടെ സ്വഭാവം അനുസരിച്ച് അവ പിൻവലിക്കാൻ നിർദേശം നൽകിയതായും VD സതീശൻ വ്യക്തമാക്കി. സിൽവർ ലൈനിന് സ്ഥാപിച്ച മഞ്ഞക്കുറ്റികൾ നീക്കം ചെയ്യാൻ റവന്യൂ വകുപ്പിന് നിർദേശം നൽകാനും മന്ത്രിസഭായോഗം തീരുമാനിച്ചു.

2026 ഓഗസ്റ്റ് 31ന് അവസാനിക്കുന്ന എല്ലാ PSC റാങ്ക് പട്ടികകളുടെയും കാലാവധി നവംബർ 30 വരെ ദീർഘിപ്പിക്കാനും ഇത് PSC യോട് ശുപാർശ ചെയ്യാനും തീരുമാനമെടുത്തു.

UDF മാനിഫെസ്റ്റോയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ, വിഷൻ 2031 എന്ന പേരിൽ ഉടൻ ആരംഭിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. പത്മ പുരസ്കാരത്തിന് ശിപാർശ ചെയ്യാൻ മന്ത്രിസഭാ സബ് കമ്മിറ്റി രൂപീകരിച്ചതായും മുഖ്യമന്ത്രി അറിയിച്ചു. കൊല്ലത്ത് ചികിത്സാ പിഴവിനെ തുടർന്ന് മരിച്ച വേണുവിന്റെ കുടുംബത്തിന് അഞ്ച് ലക്ഷം രൂപ നൽകാനും രാവിലെ ചേർന്ന മന്ത്രി സഭാ യോഗം തീരുമാനിച്ചു.

ഹൈക്കോടതിയിലെ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ആയി അഡ്വ. മുഹമ്മദ് ഷായെ നിയമിക്കാനും തീരുമാനമെടുത്തു. PM ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട്, വിദ്യാഭ്യാസ വകുപ്പിനോട് റിപ്പോർട്ടുകൾ ആവശ്യപ്പെട്ടിട്ടുണ്ടെന്നും അക്കാര്യം പരിശോധിച്ച് തീരുമാനമെടുക്കുമെന്നും VD സതീശൻ അറിയിച്ചു.

✪✪✪

പതിനാറാം നിയമസഭയുടെ പ്രോട്ടം സ്പീക്കറായി അമ്പലപ്പുഴയിൽ നിന്ന് വിജയിച്ച G സുധാകരൻ സത്യപ്രതിജ്ഞ ചെയ്തു. ലോക്ഭവനിലെ ചടങ്ങിൽ, ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സത്യവാചകം ചൊല്ലിക്കൊടുത്തു. മന്ത്രിമാരുടെ വകുപ്പ് വിഭജന പട്ടിക മുഖ്യമന്ത്രി വിഡി സതീശൻ ഗവർണർക്ക് സമർപ്പിച്ചു.

✪✪✪

16-ാം നിയമസഭയിലേക്ക് തിരഞ്ഞെടുത്ത 139 പേർ നാളെ സത്യപ്രതിജ്ഞ ചെയ്യും. പ്രോട്ടം സ്പീക്കറായ G സുധാകരനാണ് സത്യവാചകം ചൊല്ലിക്കൊടുക്കുക. മറ്റന്നാൾ രാവിലെയാണ് നിയമസഭാ സ്പീക്കറെ തെരഞ്ഞെടുക്കുന്നത്. മുതിർന്ന കോൺഗ്രസ് നേതാവ് തിരുവഞ്ചൂർ രാധാകൃഷ്ണനെയാണ് ഭരണപക്ഷം സ്പീക്കർ സ്ഥാനത്തേക്ക് നിർദേശിച്ചത്. ഡെപ്യൂട്ടി സ്പീക്കർ സ്ഥാനാർത്ഥി കോൺഗ്രസിലെ തന്നെ ഷാനിമോൾ ഉസ്മാനാണ്. LDFന്റെ സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ സ്ഥാനാർത്ഥികളെ ഉടൻ പ്രഖ്യാപിച്ചേക്കും. രണ്ട് സ്ഥാനങ്ങളിലേക്കും സ്ഥാനാർത്ഥികളെ നിർത്തുന്ന കാര്യം തീരുമാനിച്ചിട്ടില്ലെന്ന് BJP നേതൃത്വം അറിയിച്ചു.

✪✪✪

ജൂൺ ഒന്നിന് സ്കൂൾ തുറക്കുന്നതിന് വിപുലമായ തയ്യാറെടുപ്പുകൾ അവസാനഘട്ടത്തിലാണെന്ന് മന്ത്രി എൻ ഷംസുദ്ദീൻ അറിയിച്ചു. സ്കൂൾ പ്രവേശനോത്സവം ഉൾപ്പെടെ മുന്നൊരുക്കങ്ങൾ സമയബന്ധിതമായി

പൂർത്തിയാക്കാൻ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്തതായും മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. സ്കൂളുകളിലെ ശുചിത്വവും സുരക്ഷയും ഉറപ്പാക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും പിടിഎ യുടെയും സഹകരണത്തോടെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. 80 ശതമാനത്തിലധികം പാഠപുസ്തകങ്ങളുടെ വിതരണം സംസ്ഥാനത്ത് പൂർത്തിയായതായും ശേഷിക്കുന്ന പുസ്തകങ്ങൾ ഈ മാസം 31നകം കുട്ടികൾക്കെത്തിക്കണമെന്നും നിർദേശം നൽകിയിട്ടുണ്ട്. വിദ്യാലയങ്ങളുടെ പരിസരങ്ങളിൽ ലഹരി വിരുദ്ധപ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കി കുട്ടികളുടെ സുരക്ഷയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കാനും മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.

✪✪✪

ലക്ഷദ്വീപ് ഭരണകൂടത്തിന് കീഴിലെ എല്ലാ സ്കൂളുകളും വേനലവധിക്ക് ശേഷം ജൂൺ 5-ന് തുറക്കുമെന്ന് വിദ്യാഭ്യാസ ഡയറക്ടർ എം. ഭരണി അറിയിച്ചു. സ്കൂൾ തുറക്കുന്ന ദിവസം എല്ലാ അധ്യാപകരും, അനധ്യാപകരും സ്കൂളുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും ജൂൺ 5 മുതൽ ജൂൺ 9 വരെ ദിവസങ്ങൾ സ്കൂളുകളിലെ ഒരുക്കങ്ങൾ പൂർത്തിയാക്കുന്നതിന് വിനിയോഗിക്കണമെന്നും അദ്ദേഹം നിർദേശിച്ചു. ജൂൺ 10 മുതലായിരിക്കും റെഗുലർ ക്ലാസുകൾ ആരംഭിക്കുന്നത്.

✪✪✪

ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോനിയുമായി കൂടിക്കാഴ്ചയ്ക്ക് കാത്തിരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇന്ത്യ-ഇറ്റലി ബന്ധം ശക്തിപ്പെടുത്തുന്നതിൽ ചർച്ചകൾ ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ പ്രത്യാശ പ്രകടിപ്പിച്ചു.

✪✪✪

ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴി എന്ന വിഷയത്തിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച്, ഇരു രാജ്യങ്ങളും തമ്മിലെ സഹകരണം എങ്ങനെ ശക്തിപ്പെടുത്താം എന്നതിലാണ് ഇറ്റലി സന്ദർശനം ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. 2025-2029 ലെ സംയുക്ത തന്ത്രപരമായ പ്രവർത്തന പദ്ധതിയും അവലോകനം ചെയ്യുമെന്നും ബഹുരാഷ്ട്രവാദത്തിനും ആഗോള ഭക്ഷ്യസുരക്ഷക്കും ഇന്ത്യയുടെ പ്രതിബദ്ധത ശക്തിപ്പെടുത്തുന്ന ഐക്യരാഷ്ട്രസഭാ ഭക്ഷ്യ-കാർഷിക സംഘടനയുടെ ആസ്ഥാനവും സന്ദർശിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

US സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ നാല് ദിവസത്തെ സന്ദർശനത്തിന് ശനിയാഴ്ച ഇന്ത്യയിലെത്തും. വ്യാപാരം, പ്രതിരോധം, ഊർജ്ജം എന്നീ മേഖലകളിലെ സഹകരണം മെച്ചപ്പെടുത്തുകയാണ് സന്ദർശന ഉദ്ദേശ്യം. അദ്ദേഹത്തിന്റെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. ന്യൂഡൽഹിയിൽ ഓസ്ട്രേലിയ, ജപ്പാൻ, US എന്നീ രാജ്യങ്ങൾ ഉൾപ്പെടുന്ന 'ക്വാഡ്' ഗ്രൂപ്പിന്റെ യോഗം, ഈ മാസം 26 ന് നടത്തുമെന്നും, മാർക്കോ റൂബിയോ യോഗത്തിൽ പങ്കെടുക്കുമെന്നും ന്യൂഡൽഹിയിലെ US എംബസി അറിയിച്ചു. ഓസ്ട്രേലിയൻ വിദേശകാര്യ മന്ത്രി പെന്നി വോങ്, ജാപ്പനീസ് വിദേശകാര്യ മന്ത്രി മൊട്ടേഗി തോഷിമിറ്റ്സു എന്നിവർ പങ്കെടുക്കുന്ന യോഗത്തിൽ, വിദേശകാര്യ മന്ത്രി ഡോ. S ജയ്ശങ്കർ അധ്യക്ഷനാകും.

✪✪✪

രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്, ദക്ഷിണ കൊറിയൻ പ്രതിരോധ മന്ത്രി അഹ്ൻ ഗ്യുവുമായി സിയോളിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ-ദക്ഷിണ കൊറിയ പ്രതിരോധം, തന്ത്രപരമായ സഹകരണം എന്നിവ കൂടുതൽ ആഴത്തിലാക്കാനും പ്രാദേശിക സമാധാനം, സ്ഥിരത, സാങ്കേതിക സഹകരണം എന്നിവയിൽ സഹകരിക്കുന്ന കാര്യവും ഇരുവരും ചർച്ച ചെയ്തു. പ്രതിരോധ സൈബർ സഹകരണം പ്രോത്സാഹിപ്പിക്കുന്നതിന് കരാറുകൾ രണ്ട് രാജ്യങ്ങളും പരസ്പരം കൈമാറി.

✪✪✪

കണ്ണൂർ ജില്ലയിൽ പനി ബാധിതരുടെ എണ്ണം കൂടുന്നു. മഴ കനത്തു തുടങ്ങിയതോടെ ഡെങ്കിപനി ഭീഷണിയും നിലനിൽക്കുന്നുണ്ട്.

കൂടുതൽ വിവരങ്ങളുമായി കണ്ണൂരിൽ നിന്നും K O ശശിധരൻ......

...വോയ്സ്.....

ഈ വർഷം ജനുവരി മുതൽ ജില്ലയിൽ 42,376 പേരാണ് പനി ബാധിച്ച് വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ തേടിയത്. 692 പേർ കിടത്തി ചികിത്സയും തേടി. നിലവിൽ ജില്ലയിൽ 237 ഡെങ്കി കേസുകളാണ് റിപ്പോർട്ട് ചെയ്തത്. മൂന്ന് മരണവും റിപ്പോർട്ട് ചെയ്തു .ഏറ്റവും കൂടുതൽ ഡെങ്കി കേസുകൾ റിപ്പോർട്ട് ചെയ്തത് മാങ്ങാട്ടിടം പഞ്ചായത്തിലാണ്. 22 കേസുകൾ. അഴീക്കോട്, എടക്കാട്, കുന്നോത്തു പറമ്പ് എന്നിവിടങ്ങളിലാണ് ഡെങ്കിപ്പനി മരണങ്ങൾ റിപ്പോർട്ട് ചെയ്തത്. കണ്ണൂർ കോർപ്പറേഷനിൽ 17, ചെങ്ങളായി , ചപ്പാരപ്പടവ് എന്നിവിടങ്ങളിൽ 12, മട്ടന്നൂർ നഗരസഭയിൽ 11, പിണറായി 10, വേങ്ങാട് 9, തലശേരി നഗരസഭ , ആറളം പഞ്ചായത്ത് എന്നിവിടങ്ങളിൽ 8, ഉളിക്കൽ 7 എന്നിങ്ങനെയാണ് ജില്ലയിൽ മറ്റു ഡെങ്കി കേസുകൾ റിപ്പോർട്ട് ചെയ്തത്. വീട്ടിലും പരിസരങ്ങളിലും കൊതുക് വളരുന്ന സാഹചര്യം ഇല്ലയെന്ന് ഉറപ്പ്

വരുത്തണം. മാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ നിർമാർജ്ജനം ചെയ്യണമെന്നും ആരോഗ്യവകുപ്പ് നിർദ്ദേശിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത് ഈ മാസം 31-ന് ആകാശവാണിയിലും ദൂരദർശനിലും. പരിപാടിയുടെ 134-ാം പതിപ്പാണിത്.

പരിപാടിയിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നമോ മൊബൈൽ ആപ്പിലൂടെയോ, My gov ഓപ്പൺ ഫോറത്തിലൂടെയോ സമർപ്പിക്കാം. നിർദേശങ്ങൾ ഈ മാസം 29 വരെ സ്വീകരിക്കും.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് മുംബൈ ഇന്ത്യൻസിനെ നേരിടും. വൈകിട്ട് ഏഴരക്ക് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

നാട്ടുമാങ്ങകളുടെ രുചിയും പാരമ്പര്യവും വരുംതലമുറയ്ക്കായി കാത്തുസൂക്ഷിക്കുകയാണ് പാലക്കാട് ശ്രീകൃഷ്ണപുരം വലമ്പിളിമംഗലത്തെ മൂർത്തിയേടത്ത് മനയിൽ ശങ്കരൻ നമ്പൂതിരി. 741 വ്യത്യസ്ത മാവിനങ്ങളാണ് ശങ്കരൻ നമ്പൂതിരിയുടെ ശേഖരത്തിലുണ്ട്.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്

,............വോയ്സ്............

1976 മുതൽ ആരംഭിച്ച തന്റെ പ്രകൃതി സൗഹൃദ കൃഷിയിലൂടെ, നാശത്തിന്റെ വക്കിലെത്തിയിരുന്ന നൂറുക്കണക്കിന് മാവിനങ്ങളെയാണ് ശങ്കരൻ നമ്പൂതിരി സംരക്ഷിച്ച് വളർത്തിയെടുത്തത്. അമേരിക്ക, പാകിസ്ഥാൻ, ഓസ്ട്രേലിയ, ചൈന, ജപ്പാൻ, തായ്‌ലൻഡ്, മലേഷ്യ തുടങ്ങി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മാവിനങ്ങൾ മുതൽ കേരളത്തിന്റെ തനത് നാട്ടുമാങ്ങകൾ വരെ ഈ ശേഖരത്തിലുണ്ട്.

ഇന്ത്യയിലെ ഭൂപ്രദേശ സൂചിക പദവി ലഭിച്ച 22 ഇനം മാങ്ങകളിൽ 17 എണ്ണവും ഇദ്ദേഹത്തിന്റെ ശേഖരത്തിലുണ്ട് മാവിനങ്ങളുടെ ഒരു വലിയ 'ജീൻ ബാങ്ക്' സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് അദ്ദേഹം മാമ്പഴ രുചികൾ തേടിയുള്ള യാത്ര തുടരുന്നത്.

✪✪✪

സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ 34ാം സംസ്ഥാന സമ്മേളനം കോഴിക്കോട്ട് തുടരുന്നു. ഉച്ചകഴിഞ്ഞ് ചേരുന്ന സാംസ്കാരിക സമ്മേളനം കോഴിക്കോട് അതിരൂപത ആർച്ച് ബിഷപ്പ് ഡോ. വർഗീസ് ചക്കാലക്കൽ ഉദ്ഘാടനം ചെയ്യും.

നാളെ രാവിലെ ചേരുന്ന വനിതാ സമ്മേളനം ഡെപ്യൂട്ടി മേയർ S ജയശ്രീ ഉദ്ഘാടനം ചെയ്യും. ഉച്ചകഴിഞ്ഞ് ക്രിസ്ത്യൻ കോളേജ് ഗ്രൗണ്ടിൽ നിന്ന് പ്രകടനം ആരംഭിക്കും.

യൂണിയൻ സംസ്ഥാന പ്രസിഡന്റായി A.P ജോസിനെയും ജനറൽ സെക്രട്ടറിയായി R രഘുനാഥൻ നായരെയും വീണ്ടും തെരഞ്ഞെടുത്തു. K സദാശിവൻ നായരാണ് ട്രഷറർ.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്കും, കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം ജില്ലകളിലും, ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ രക്തസാക്ഷി ദിനമായ നാളെ, രാവിലെ തിരുവനന്തപുരം KPCC ആസ്ഥാനത്ത് മുഖ്യമന്ത്രി VD സതീശന്റെ നേതൃത്വത്തിൽ പുഷ്പാർച്ചനയും, അനുസ്മരണ പ്രഭാഷണവും നടത്തുമെന്ന് KPCC അറിയിച്ചു.

KPCC പ്രസിഡന്റും മന്ത്രിയുമായ സണ്ണി ജോസഫിന്റെ അധ്യക്ഷതയിൽ ചേരുന്ന അനുസ്മരണ സമ്മേളനത്തിൽ മന്ത്രി രമേശ് ചെന്നിത്തല, പാർട്ടി ഭാരവാഹികൾ, മുതിർന്ന നേതാക്കൾ, MLA മാർ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

*News Editor വി കെ സുരേഷ്*
*News Reader: സബിത കെ*
*News Team: ഫർദിസ് A.V, രജിന കെ*
*DEO: സി കെ സുബോധ്*